## ബൈബിളിന്റെ അന്തഃസത്ത

**I. റോമാലേഖനത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങളെ വേദപുസ്തകത്തിന്റെ അന്തഃസത്ത എന്നു വിളിക്കാം, അത് അതിന്റെ മുഴുവൻ പ്രമേയവും മൂർത്തവും വിശദവുമായ രീതിയിൽ കാണിക്കുന്നു**

- ജീവനും, മരണവും എന്ന ഈ രണ്ട് പ്രധാന പദങ്ങൾ റോമർ 5 മുതൽ 8 വരെയുള്ള അധ്യായങ്ങളിൽ ആവർത്തിച്ച് പരാമർശിച്ചിരിക്കുന്നു; മനുഷ്യൻ ദൈവത്തിനും സാത്താനും ഇടയിലുള്ള, ജീവനും മരണത്തിനും, ഇടയിലുള്ള ഒരു ത്രികോണ സാഹചര്യത്തിലാണെന്ന് കാണിച്ചുകൊണ്ട് ജീവനും, മരണവും ഈ അധ്യായങ്ങളിലൂടെ ജീവന്റെ രേഖയും മരണത്തിന്റെ രേഖയും എന്ന രണ്ട് വിപരീത രേഖകളായി രൂപപ്പെടുന്നു.
- ഈ രണ്ട് രേഖകളും മുഴുവൻ വേദപുസ്തകത്തിലൂടെ കടന്നുപോകുകയും വെളിപ്പാട് പുസ്തകത്തിൽ അവസാനിക്കുകയും ചെയ്യുന്നു; ജീവൻ, ജീവവൃക്ഷത്തിൽനിന്ന് ആരംഭിക്കുകയും, പുതിയ യെരൂശലേമിൽ അവസാനിക്കുകയും ചെയ്യുന്നു; മരണം അറിവിന്റെ വൃക്ഷത്തിൽ നിന്ന് ആരംഭിക്കുകയും തീപ്പൊയ്കയിൽ അവസാനിക്കുകയും ചെയ്യുന്നു.
- ജീവവൃക്ഷം ഭക്ഷിക്കുന്നത്, നമ്മുടെ ജീവസഹായമായ ക്രിസ്തുവിനെ ആസ്വദിക്കുന്നത് സഭാജീവിതത്തിലെ പ്രാഥമിക കാര്യമായിരിക്കണം.
- ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം ആദ്യസ്നേഹത്താൽ, അതായത് സകലത്തിലും അവനെ ഒന്നാമനായി പരിഗണിച്ചുകൊണ്ട് അവനെ സ്നേഹിക്കേണ്ടതാവശ്യമാണ്
- എഫെസൊസിലെ സഭയോടുള്ള കർത്താവിന്റെ സംസാരം ഇംഗ്ലീഷിലെ L എന്ന അക്ഷരത്തിൽ തുടങ്ങുന്ന നാല് നിർണായക വാക്കുകളിൽ സംഗ്രഹിക്കാം—സ്നേഹം (Love), ജീവൻ (Life), വെളിച്ചം (Light), നിലവിളക്ക് (Lampstand).
- കർത്താവിനെ ഭക്ഷിക്കുവാനും ആസ്വദിക്കുവാനും കർത്താവിന്റെ അടുക്കൽ വരുന്നില്ല എന്നതാണ് ദുഷ്ടന്മാരുടെ ദുഷിച്ച അവസ്ഥ

## ഒരു വിശ്വാസി ഏദെൻ തോട്ടത്തിന്റെ ഒരു ലഘു രൂപമാണ്

**II. ഇന്ന് വിശ്വാസി ഏദെൻ തോട്ടത്തിന്റെ ഒരു ലഘു രൂപമാണ്—അവന്റെ ആത്മാവിൽ ജീവവൃക്ഷമായി ദൈവവും, അവന്റെ ജഡത്തിൽ അറിവിന്റെ വൃക്ഷമായി സാത്താനും, രണ്ടിനും ഇടയിൽ അവന്റെ മനസ്സും; നാം ഒന്നുകിൽ ആത്മാവിലാണ് അല്ലെങ്കിൽ ജഡത്തിലാണ്; നമുക്കായിരിക്കുവാൻ മൂന്നാമതൊരു സ്ഥലമില്ല; ഇതുകൊണ്ടാണ് നമ്മുടെ മനസ്സിനെ നാം ആത്മാവിൽ ഉറപ്പിക്കേണ്ടത്**

- മനുഷ്യന്റെ ശരീരം ആരംഭത്തിൽ നിർമലമായിരുന്നു, എന്നാൽ മനുഷ്യന്റെ വീഴ്ചയിലൂടെ സാത്താൻ അവനെത്തന്നെ മനുഷ്യനിലേക്ക് കുത്തിവയ്ക്കുകയും, മനുഷ്യന്റെ ശരീരം ജഡമായിത്തീരുകയും ചെയ്തു
  - ജഡം പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും "യോഗസ്ഥലവും" സംയുക്തവുമാണ്; ജഡം ആശയ്ക്കു വകയില്ലാത്ത ഒരു കാര്യവും, ഒരിക്കലും മെച്ചപ്പെടുത്താൻ കഴിയാത്തതുമാണ്
- ദൈവം തന്റെ ജ്ഞാനത്തിലും പരമാധികാരത്തിലും, നമ്മെ നമ്മുടെ ആത്മാവിലേക്ക് തിരിയുവാൻ നിർബന്ധിക്കുന്നതിന്, നമ്മുടെ പാപകരവും വൃത്തികെട്ടതുമായ ജഡത്തെ ഉപയോഗിക്കുന്നു
  - നൈതികമായി പറഞ്ഞാൽ, സാത്താനും നമ്മുടെ ജഡവും എന്നേക്കുമൊരിക്കലായി ക്രൂശിൽ കുറ്റം വിധിക്കപ്പെട്ടു, എന്നാൽ നമ്മുടെ ആത്മാവിൽ ക്രിസ്തുവിലേക്ക് തിരിയുവാനും ജഡത്തിൽ ഇനിമേൽ ആശ്രയമില്ലാതിരിക്കുവാനും നമ്മെ സഹായിക്കുന്നതിനും നമ്മെ നിർബന്ധിക്കുന്നതിനുമായി ജഡം നമ്മോടുകൂടെയായിരിക്കുവാൻ ദൈവം അനുവദിച്ചു
  - പാപകരവും വൃത്തികെട്ടതുമായ ജഡത്താൽ നൽകപ്പെടുന്ന സഹായം കൂടാതെ, കർത്താവിനെ നേടുവാനോ അവൻ നമ്മിലേക്ക് പണിതുചേർക്കപ്പെടുവാനോ നാം അത്ര തീവ്രത ഉള്ളവരായിരിക്കുകയില്ല
  - നമുക്ക് ഒരു വിജയം ഉണ്ടോ ഇല്ലയോ എന്നതിനായി കർത്താവ് കരുതുന്നില്ല; കർത്താവ് ഒരു കാര്യത്തിനുവേണ്ടി മാത്രം—നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചുകൊണ്ട് ആത്മാവായ ക്രിസ്തുവിനെ നാം നേടുന്നു എന്നതിനുവേണ്ടി മാത്രം—കരുതുന്നു

## ജീവന്റെ രേഖയിൽ തുടരുവാനുള്ള മാർഗം—രണ്ട് ദിവ്യ മാറ്റങ്ങളിലൂടെ

**III. റോമർ 5-ൽ നാം ആദാമിലും, റോമർ 6-ൽ നാം ക്രിസ്തുവിലും, റോമർ 7-ൽ നാം ജഡത്തിലും, റോമർ 8-ൽ നാം ആത്മാവിലും ആണ്; അഞ്ചാം അധ്യായത്തിലെ ആദാമിനെ ഏഴാം അധ്യായത്തിൽ ജഡത്തിൽ അനുഭവിക്കുകയും, ആറാം അധ്യായത്തിലെ ക്രിസ്തുവിനെ എട്ടാം അധ്യായത്തിൽ ആത്മാവിൽ അനുഭവിക്കുകയും ചെയ്യുന്നു**

- ആദാമിൽനിന്നും ക്രിസ്തുവിലേക്ക്—വസ്തുതാപരവും സ്ഥാനപരവുമായ ഒരു സ്ഥാനമാറ്റം
  - ആദാമിൽനിന്നും മാറ്റപ്പെടുന്നത് ക്രിസ്തുവിന്റെ മരണത്തിലൂടെ
  - ക്രിസ്തുവിലേക്ക് അവന്റെ പുനരുത്ഥാനത്തിലൂടെ
- ജഡത്തിൽ നിന്നും ആത്മാവിലേക്ക്—പ്രായോഗികവും അനുഭവപരവുമായ ഒരു സ്ഥാനമാറ്റം
  - ജഡത്തിൽ നിന്നും മാറ്റപ്പെടുന്നത് നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടതിലൂടെ
  - ആത്മാവിലേക്ക് ജീവന്റെ ആത്മാവിന്റെ പ്രമാണമായ ക്രിസ്തുവുമായയുള്ള നമ്മുടെ ജൈവിക ഐക്യത്തിലൂടെ

## സഹോദരൻ ലീയുടെ അനുഭവം

**IV. നാം ജീവന്റെ രേഖയിൽ തുടരുന്നതിനായി, ക്രിസ്തുവിനെ ജീവവൃക്ഷമായി ആസ്വദിക്കുന്ന മാർഗം നാം എടുക്കണം**

- എല്ലാത്തരം പ്രശ്നങ്ങളും, അത് എന്തായിരുന്നാലും, ജീവന്റെ കുറവിന്റെ ഫലമാണ്. ഇത് കണ്ടപ്പോൾ… കർത്താവിന്റെ മുമ്പാകെ സമഗ്രമായ ഒരു അനുതാപം ഉണ്ടായിരിക്കുകയും, അവന്റെ മുമ്പാകെ എനിക്ക് നിരവധി ഇടപെടലുകൾ ഉണ്ടായിരിക്കുകയും ചെയ്തു.
- ദൈവത്തെ ആസ്വദിക്കുന്ന മാർഗം നാം എടുക്കണമെങ്കിൽ, മനോഭാവത്തിന്റെ സമൂലമായ ഒരു മാറ്റം നമുക്കുണ്ടായിരിക്കണം. നമുക്ക് ഒരു നിയന്ത്രക ദർശനം ആവശ്യമാണ്—ജീവന്റെ വൃക്ഷത്തിന്റെയും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെയും ദർശനം.